LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിലെ ആശ്രിത നിയമനം

32 [350] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ആശ്രിതനിയമനം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ഇപ്പോൾ കെ.സ്.ഇ. ബോർഡിലുള്ളതെന്ന് വ്യക്തമാക്കാമോ; ഏതു വർഷം മുതലുള്ള അപേക്ഷകൾ ഇതിൽ ഉൾപ്പെടുന്നു;

(ബി) ആശ്രിതനിയമനം നൽകുന്നതിനായി ബോർഡ് ഉത്തരവ് നൽകിയിട്ടും ഇതുവരെ നിയമനം ലഭിക്കാത്ത എത്രപേരുണ്ട്; ഇവരുടെ പട്ടിക ലഭ്യമാക്കുമോ; ഏതൊക്കെ തസ്തികകളിലാണ് നിയമനം ലഭിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) നിയമനം വൈകുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) എന്നത്തേക്ക് നിയമനം നൽകുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001 മുതലുള്ള 197 അപേക്ഷകളാണ് ബോർഡിൽ ലഭിച്ചിട്ടുള്ളത്.

(ബി) ബോർഡ് ഉത്തരവ് നൽകിയ 141 പേർക്ക് നിയമനം നൽകാനുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(സി) ഒഴിവുകളുടെ അഭാവം മൂലമാണ് നിയമനം നൽകാൻ വൈകുന്നത്.

(ഡി) ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകാവുന്നതാണ്.

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയ ഗാർഹിക വൈദ്യുതി കണക്ഷനുകൾ

33 [351] ശ്രീ. എ. എ. അസീസ്:

" കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് സൗജന്യ നിരക്കിലുള്ള വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ വിവിധ ആഫീസുകളിലായി കെട്ടിക്കിടക്കുന്നത് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ അപേക്ഷകർക്ക് എന്നത്തേക്ക് പുതിയ കണക്ഷൻ നൽകാൻ കഴിയും?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 92,837 പേർക്ക്.

(ബി) 3,56,070.

(സി) 31-12-2005-ന് മുമ്പായി എല്ലാ കണക്ഷനുകളും നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

വൈദ്യുതി ബോർഡിലെ സ്റ്റാഫ് പാറ്റേണും സ്ഥിര നിയമനവും

34 [352] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ വിവിധ ഭാഗങ്ങളിലായി എത്ര ഉപഭോക്താക്കളാണ് ഉള്ളതെന്ന് വേർതിരിച്ച് വ്യക്തമാക്കാമോ;

(സി) വൈദ്യുതി വിതരണ മേഖലയിൽ ഉപഭോക്താക്കളുടെ വർദ്ധനവിനനുസരിച്ച് ജീവനക്കാരില്ലാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഓരോ സെക്ഷനുകളിലും നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണത്തിനനുസരിച്ചുള്ള ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) വൈദ്യുതി ഉൽപാദന, വിതരണ മേഖലകളിൽ ദിവസ വേതനക്കാരെയും കരാർ തൊഴിലാളികളെയും ഒഴിവാക്കി പി.എസ്.സി.വഴി നിയമനം നടത്തുമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിലെ വിവിധ ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് ബോർഡ് ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.†

(ബി)

ഗാർഹികം	. .	57,46,319
ഗാർഹികേതരം	. .	14,14,345
കാർഷികം	. .	4,00,367
വ്യവസായം	. .	1,22,437
		76,83,468

(സി) ഉണ്ട്.

(ഡി) ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് പി.എസ്.സി. ലിസ്റ്റിൽനിന്ന് നിയമനം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly